**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം - ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി - 2019 വർഷത്തേയ്ക്കുള്ള പദ്ധതി പുതുക്കൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.175/2018/ധന. തിരുവനന്തപുരം, തീയതി :12/11/2018**

---

പരാമർശം:-
1) 23.11.2010 തീയതിയിലെ സ.ഉ(പി) നമ്പർ 616/2010/ധന
2) 04.11.2011 തീയതിയിലെ സ.ഉ(പി) നമ്പർ 504/2011/ധന
3) 03.11.2012 തീയതിയിലെ സ.ഉ(പി) നമ്പർ 606/2012/ധന
4) 17.04.2013 തീയതിയിലെ സ.ഉ(പി) നമ്പർ 176/2013/ധന
5) 13/11/2013 തീയതിയിലെ സ.ഉ(പി) നമ്പർ 555/2013/ധന
6) 17/11/2014 തീയതിയിലെ സ.ഉ(പി) നമ്പർ 507/2014/ധന
7) 19/11/2015 തീയതിയിലെ സ.ഉ(പി) നമ്പർ 526/2015/ധന
8) 30/09/2016 തീയതിയിലെ സ.ഉ(പി) നമ്പർ 144/2016/ധന
9) 21/10/2017 തീയതിയിലെ സ.ഉ(പി) നമ്പർ 133/2017/ധന
10) 26.10.2018 തീയതിയിലെ ഇൻഷ്വറൻസ് ഡയറക്ടറുടെ ഇൻഷ്വ/ജി.പി.എ.ഐ.എസ്/എം.3/റ്റി 001812844 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷ്വറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്) പരാമർശം 1 ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന 2011 വർഷം നടപ്പിലാക്കിയിട്ടുള്ളതും, സംസ്ഥാനത്തിലെ പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയീസ് ഉൾപ്പെടുന്ന സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, എയ്ഡഡ് സ്കൂൾ/കോളേജ് സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പഞ്ചായത്ത്-മുൻസിപ്പൽ കോമൺ സർവ്വീസ് എന്നിവിടങ്ങളിലെ ജീവനക്കാർ, മുൻസിപ്പൽ കോമൺ സർവ്വീസിലെ കണ്ടിജന്റ് ജീവനക്കാർ, സർവ്വകലാശാല ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ/സഹകരണ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിലെ ജീവനക്കാർക്കെല്ലാം ബാധകമാക്കിയിട്ടുള്ളതുമാണ്. പരാമർശം 9 പ്രകാരം ടി പദ്ധതി 2018 വർഷത്തേക്ക് ദീർഘിപ്പിച്ച്

ഉത്തരവായിരുന്നു. കെ.എസ്.ഇ.ബി, കെ.എസ്.ആർ.ടി.സി എന്നിവിടങ്ങളിലെ ജീവനക്കാർ യഥാക്രമം 850/-, 550/- രൂപ എന്ന ക്രമത്തിലും കേരള സർവ്വീസ് ചട്ടത്തിന്റെ പരിധിയിൽ വരുന്നതും എസ്.എൽ.ഐ/ജി.ഐ.എസ് എന്നിവയിൽ വരിസംഖ്യ ഒടുക്കിവരുന്നവരുമായ മറ്റ് ജീവനക്കാർ 400 രൂപ എന്ന ക്രമത്തിലുമാണ് വാർഷിക പ്രീമിയം തുക അടച്ചുവരുന്നത്. വാഗ്ദത്ത തുക 10 ലക്ഷം രൂപ ആയിരുന്നു. മേൽപ്പറഞ്ഞ പദ്ധതിയുടെ കാലാവധി 31.12.2018-ന് അവസാനിക്കുന്നതാണ്.

ഈ സാഹചര്യത്തിൽ ടി പദ്ധതി 01.01.2019 മുതൽ 31.12.2019 വരെ ആവശ്യമായ ഭേദഗതികളോടുകൂടി ദീർഘിപ്പിക്കുന്നതിനും പുതുക്കി നടപ്പാക്കുന്നതിനുമായി പരാമർശം 10 പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ ശിപാർശ സർക്കാർ വിശദമായി പരിശോധിക്കുകയും നിലവിലുള്ള വ്യവസ്ഥകൾക്ക് പുറമെ താഴെപറയുന്ന ഭേദഗതികൾ കൂടി ഉൾപ്പെടുത്തി ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി(ജി.പി.എ.ഐ.എസ്) 01.01.2019 മുതൽ 31.12.2019 വരെ പുതുക്കി നടപ്പാക്കുന്നതിനും ഉത്തരവാകുന്നു.

i. നിലവിലെ ചട്ടങ്ങളുടെ/ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പദ്ധതിയിൽ ചേരാൻ യോഗ്യരായ കെ.എസ്.ഇ.ബി ജീവനക്കാർ, കെ.എസ്.ആർ.ടി.സി ജീവനക്കാർ, എന്നിവരുടെ വാർഷിക പ്രീമിയം തുക സർവ്വീസ് ടാക്സ് ഉൾപ്പെടെ യഥാക്രമം 850/- രൂപ, 550/- രൂപ, എന്ന ക്രമത്തിലും കേരള സർവ്വീസ് ചട്ടത്തിന്റെ പരിധിയിൽ വരുന്നതും എസ്.എൽ.ഐ/ജി.ഐ.എസ് എന്നിവ ഒടുക്കിവരുന്നവരുമായ മറ്റ് ജീവനക്കാരുടെ വാർഷിക പ്രീമിയം തുക സർവ്വീസ് ടാക്സ് ഉൾപ്പെടെ 400/- രൂപ എന്ന ക്രമത്തിലും തുടരുന്നതാണ്.

ii. വാഗ്ദത്ത തുക 10 ലക്ഷം രൂപയായി തുടരുന്നതാണ്.

iii. അപകട തീയതി മുതൽ ഒരു വർഷം കാലയളവിനുള്ളിൽ അപകടവിവരം റിപ്പോർട്ട് ചെയ്തിട്ടില്ല എന്നത് ഒഴിച്ച് അപേക്ഷകന് മറ്റെല്ലാതരത്തിലും ക്ലെയിമിന് അർഹതയുണ്ടെങ്കിൽ,അപേക്ഷകൻ/നാമനിർദ്ദേശംചെയ്യപ്പെട്ടയാൾ/ ആശ്രിതർ/ചുമതലപ്പെട്ട മറ്റാരെങ്കിലും -നെ നേരിൽ കേട്ടശേഷം ന്യായയുക്തമായ കാരണങ്ങളാലാണ് അപകടം യഥാസമയം റിപ്പോർട്ട് ചെയ്യാത്തതെന്ന് ഇൻഷ്വറൻസ് ഡയറക്ടർക്ക് ബോധ്യപ്പെടുന്ന പക്ഷം അത്തരം ക്ലെയിമുകളും ഇൻഷ്വറൻസ് ഡയറക്ടർ തന്നെ തീർപ്പാക്കേണ്ടതും അല്ലാത്തവ